# മർകസ് HSS കാരന്തൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മർകസ് HSS കാരന്തൂർ

വിലാസം: കാരന്തൂർ പി.ഒ., 673571, കോഴിക്കോട് ജില്ല

സ്ഥാപിതം : ചൊവ്വാഴ്ച - ജൂൺ 01 - 1982

## വിവരങ്ങൾ

ഫോൺ: 0495 2800456

ഇമെയിൽ : markazhss@gmail.com

വെബ്സൈറ്റ് : mbhs@markaz.in

സ്കൂൾ കോഡ് : 47061

റവന്യൂ ജില്ല : കോഴിക്കോട്

വിദ്യാഭ്യാസ ജില്ല : താമരശ്ശേരി

ഉപജില്ല: കുന്ദമംഗലം

സ്കൂൾ ഭരണ വിഭാഗം : എയ്ഡഡ്

സ്കൂൾ തലം : 5 മുതൽ 12 വരെ

മാധ്യമം: മലയാളം, ഇംഗ്ലീഷ്

## സ്ഥിതിവിവരക്കണക്ക്

ആൺകുട്ടികൾ: 1841

അദ്ധ്യാപകർ: 60

ആമുഖം

അക്കാദമിക് രംഗത്ത് പ്രശംസാർഹമായ മുന്നേറ്റങ്ങൾ കാഴ്ച വെച്ച് ഏവരുടെയും ശ്രദ്ധയാകർഷിച്ച കലാലയമാണ് മർകസ് ഹയർ സെക്കൻഡറി സ്കൂൾ. കോഴിക്കോട് ജില്ലയിലെ കാരന്തൂരിൽ 1982 ജൂൺ 1-ാംതിയ്യതിയാണ് സ്കൂൾ സ്ഥാപിതമായത്. കാരന്തൂർ മർകസു സ്സഖാഫത്തി സ്സുന്നിയ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ മാനേജർ ബഹു. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരാണ്.

മികവുറ്റ പഠനാന്തരീക്ഷവും അച്ചടക്കവുമുള്ള വിദ്യാലയമാണ് മർകസ് ഹയർ സെക്കൻഡറി സ്കൂൾ. പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലുമുള്ള അധ്യാപകരുടെ യോജിച്ച പ്രവർത്തനങ്ങളും എ പ്ലസ്, എൻ എം എം എസ്, യു എസ് എസ് ബാച്ചുകളുടെ കാര്യക്ഷമമായ പരിശീലന പരിപാടികളും കാരന്തൂരിലെയും പരിസര പ്രദേശങ്ങളിലെയും കുട്ടികളുടെ പഠന നിലവാരമുയർത്തുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ട്. കാശ്മീർ, ആസാം, ബംഗാൾ തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾക്കും അഗതികളും അനാഥകളും ഉൾപ്പടെയുള്ള മറ്റു പിന്നാക്ക വിദ്യാർഥികൾക്കും സംസ്ഥാനതല പുരസ്കാരങ്ങളും എ പ്ലസും കരഗതമാക്കാൻ അവസരം നൽകുക വഴി സ്കൂൾ വലിയ വൈജ്ഞാനിക പുരോഗതിയാണ് സൃഷ്ടിച്ചത്. ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എസ്.എസ്.എൽസി പരീക്ഷക്കിരുത്തി തുടർച്ചയായി ഉയർന്ന വിജയ ശതമാനം നേടാൻ സാധിച്ച സ്കൂളുകളിൽ ഒന്നാണ് മർക്കസ് ഹയർ സെക്കണ്ടറി സ്കൂൾ.

പാഠ്യവിഷയങ്ങൾക്ക് പുറമെ പാഠ്യേതര വിഷയങ്ങൾക്കും സ്കൂൾ ഉയർന്ന പ്രാധാന്യം നൽകിവരുന്നു. സ്വയം തൊഴിലിൽ പ്രത്യേക പരിശീലനം നൽകുന്ന ഹാന്റിക്രാഫ്റ്റ് ഇൻസിറ്റ്യൂട്ട് ഒരോ കുട്ടിക്കും വിവിധ നിർമ്മാണങ്ങളിൽ മികച്ച അവസരങ്ങളാണ് ഒരുക്കുന്നത്. നിർധന വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ, മറ്റു പിന്നാക്കക്കൊർക്കുള്ള പ്രത്യേക പദ്ധതികൾ, ക്ലബ് പ്രവർത്തനങ്ങൾ, സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി, സ്കൂൾ ബസ് യാത്രാ സൗകര്യം എന്നിവ സ്കൂളിന്റെ പ്രവർത്തനത്തെ മികവുറ്റതാക്കുന്നു.

അക്കാദമിക് നേട്ടങ്ങൾ

താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ എസ്എസ്എൽസി പരീക്ഷക്ക് നൂറ് മേനി കരസ്ഥമാക്കുന്ന സ്കൂളുകളിലൊന്നാണ് മർകസ് ബോയ്സ് സ്കൂൾ. ഫുൾ എ പ്ലസുകളുടെ എണ്ണത്തിലും സ്കൂൾ മുന്നിട്ടുനിൽക്കുന്നു. NMMS, USS പരീക്ഷകളിലും സ്കൂളിലെ വിദ്യാർഥികൾ മികച്ച നേട്ടം കൈവരിക്കുന്നു. വിവിധ സ്ഥാപനങ്ങളും സംഘടനകളും നടത്തുന്ന മത്സരപരീക്ഷകളിലും സ്കോളർഷിപ്പ് ടെസ്റ്റുകളിലും സ്കൂളിലെ വിദ്യാർഥികൾ മികച്ച പ്രകടനമാണ് കാഴ്ചവക്കാറുള്ളത്. സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് തുടർപഠനത്തിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിവരുന്നു.

## കലാകായിക രംഗത്തെ മുന്നേറ്റങ്ങൾ

കലാ കായിക രംഗത്ത് മർകസ് സ്കൂൾ കൈവരിച്ച അഭിമാനകരമായ നേട്ടങ്ങൾ എണ്ണമറ്റതാണ്. 2024- 25 അധ്യയന വർഷത്തിൽ ദേശീയ തലത്തിൽ അമച്വർ കിക്ക് ബോക്സിങ്, വോളിബോൾ എന്നീ ഇനങ്ങളിൽ സ്വർണ്ണവും വെള്ളിയും ലഭിച്ചതും കേരള സ്കൂൾ ഒളിമ്പിക്സിൽ വെയിറ്റ് ലിഫ്റ്റിംഗ്, റഗ്ബി, റെസ്ലിംഗ് എന്നിവയിൽ സ്വർണമെഡൽ നേടി ദേശീയതലത്തിലേക്ക് യോഗ്യത നേടിയതും പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൂടാതെ, കേരള സ്കൂൾ ഒളിമ്പിക്സിൽ ഷോട്ട് പുട്ട്, ജാവെലിൻ, ഫുട്ട്ബാൾ, ഖൊ ഖൊ, ബേസ് ബാൾ, സോഫ്റ്റ് ബോൾ, ബോക്സിംങ് എന്നീ മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിക്കുകയുണ്ടായി. ഫുട്ബോളിൽ
കോഴിക്കോട് ജില്ലാ ടീമിൽ മൂന്നുപേർ ഇടം പിടിക്കുവാനും സംസ്ഥാനതലത്തിൽ ടീമിന് വെള്ളി മെഡൽ നേടാനും സാധിച്ചു. സബ് ജില്ലാ സുബ്രോതോ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ തുടർച്ചയായ മൂന്ന് വർഷം ഓവറോൾ കിരീടം നിലനിർത്താൻ സാധിച്ചതും ശ്രദ്ധേയമാണ്.

കലോത്സവങ്ങളിലും സ്കൂളിന്റെ മുന്നേറ്റം തിളക്കമാർന്നതാണ്. സംസ്ഥാന ജില്ലാ സ്കൂൾ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്. കലോത്സവങ്ങളിലും സ്കൂളിന്റെ മുന്നേറ്റം തിളക്കമാർന്നതാണ്. സംസ്ഥാന ജില്ലാ സ്കൂൾ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഉറുദു കഥാരചന, കവിത രചന, ഉപന്യാസം, അറബി പദ്യം ചൊല്ലൽ, കോൺവർസേഷൻ എന്നീ മത്സരയിനങ്ങളിലും ജില്ലാ കലോത്സവത്തിൽ കന്നട പ്രസംഗം, മാപ്പിളപ്പാട്ട്, ഉറുദു അറബി സംഘഗാനങ്ങൾ, ദഫ്മുട്ട്, വട്ടപ്പാട്ട്, അറബിഗാനം, അറബനമുട്ട്, ഖുർആൻ പാരായണം, മോണോ ആക്ട്, കഥാപ്രസംഗം, പദ്യം ചൊല്ലൽ എന്നിവയിലും എ ഗ്രേഡ് നേടിയത് പ്രത്യേക പരാമർശമർഹിക്കുന്നു.

## പൂർവ്വ വിദ്യാർഥി

നാൽപ്പത്തി മൂന്ന് വർഷങ്ങൾക്ക് കേവലം 62 വിദ്യാർത്ഥികളുമായി മർകസ് ഓർഫനേജിന്റെ രണ്ട് റൂമുകളിൽ തുടങ്ങിയ സ്കൂൾ
ഇന്ന് അത്യാധുനിക സൗകര്യങ്ങളുള്ള രണ്ട് കെട്ടിടങ്ങളിലായി 1800 ലധികം വിദ്യാർത്ഥികൾ പഠിക്കുന്ന കോഴിക്കോട് ജില്ലയിലെ തന്നെ പ്രശസ്തമായ കലാലയമായി മാറിക്കഴിഞ്ഞു. തുടക്കത്തിൽ രണ്ടു ഡിവിഷനുകളിലായി ഒരു അധ്യാപകൻ മാത്രമായിരുന്ന സ്കൂളിൽ ഇപ്പോൾ അറുപത് അധ്യാപകരും .. ഓഫീസ് സ്റ്റാഫുമുണ്ട്. സ്കൂളിന്റെ പ്രാരംഭ കാലം മുതൽ എസ് എസ് എൽസി ഉൾപ്പെടെയുള്ള പരീക്ഷകളിൽ നൂറുമേനി നിലനിർത്താനായതാണ് ഈയൊരു നേട്ടത്തിന് പിന്നിൽ.

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
| മലയാള ഭാഷ വായിക്കുന്നതിന ്ും എഴുതുന്നതിനു ്ം കുട്ടികൾക്കുള്ള പ്രയാസം പരിഹരിക്കൽ | ജൂൺ 19 വായനാദിനം ആചരിക്കൻ<br><br>അക്ഷരങ്ങളെ പരിചയപ്പെടുത്തുൽ, ചിഹ്നം പരിച്ചപ്പെടുത്തൽ, ചിഹ്നങ്ങൾ ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കൽ, കൂട്ടക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br><br>വായനാദിനത്തോടനുബന്ധിച്ച് സ്കൂൾഅസംബ്ലി ചേരൽ വായാ ദിന സന്ദേശം<br><br>ക്വിസ് മത്സരം<br>പുസ്തക വായന<br>വായനാ മത്സരം | ജൂൺ | | |
| | ബഷീർ ദിനം ആചരിക്കൽ<br>ബഷീർ ദിന ക്വിസ്<br>ബഷീറിന്റെ കഥാപാത്രത്തെ പരിചയ പ്പെടൽ | ജൂലൈ | | |
| | ആദ്യ പാഠഭാഗം അടിസ്ഥാന മാക്കി പരീക്ഷ നടത്തൽ അതിലൂടെ കുട്ടികളുടെ അഭിരുചി മനസ്സിലാക്കൽ | | | |
| ഓണപ്പരീക്ഷ തയ്യാറെടുപ്പ് | പുസ്തകവായന<br>ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>പുസ്തകചർച്ച<br>വായനാക്കുറിപ്പ് | | | |

| | | | | |
|---|---|---|---|---|
| പാം ഭാഗങ്ങൾ സമയബന്ധിതമ ായി തീർക്കൽ | ചേദ്യേമാതൃക പരിചയപ്പെടുത്തൽ ഉത്തരം എഴുതി പരിശീലിക്കൽ | ആഗസ്ത് | | |
| ഓണ പരീക്ഷ അവലോകനം | പരീക്ഷപ്പേർ നോക്കി നൽകൽ ഉത്തരങ്ങൾ അവലോകനം ചെയ്യുക. | സെപ്തം ബര് | | |
| ഐ സി.ടി സാധ്യതങ്ങൾ ഉപയോഗിച്ച് മലയാളം ക്ലാസ്സുകൾ ആസ്വാധ്യമാക്കൽ | | നവംബർ | | |
| മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള സ്കൂൾ ലെ മത്സരങ്ങൾ നടത്തൽ | | ഡിസംബർ | | |
| ഫീൽഡ് ട്രിപ് | | ജനുവരി | | |

## അറബിക്

| |
|---|
| അലിഫ് ടാലന്റ് ടെസ്റ്റ്, മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ |
| ജൂലൈ 10 ന് നടക്കുന്ന സ്കൂൾതല അലിഫ് ടാലന്റ് ടെസ്റ്റിൽ നിന്നും യോഗ്യത നേടിയ ടോപ് 3 വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് തുടർന്ന് നടക്കുന്ന പരീക്ഷകളിൽ ഉയരങ്ങളിൽ എത്താൻ ആവശ്യമായ നിരന്തര പരിശീലനം നൽകൽ. |
| CLUB ID CARD നൽകൽ |
| എല്ലാ ക്ലാസ്സുകളിൽ നിന്നും അറബിക് ക്ലബിലേക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അറബിക് എഴുത്തോടു കൂടി പ്രത്യേകം രജിസ്റ്റർ നമ്പർ നൽകിയ ID കാർഡ് നൽകൽ. |
| ARABIC CLUB Formation Meet & Talent Hours |
| ക്ലബിൽ അംഗമായവരെ സംഘടിപ്പിച്ച് ക്ലബ് ഫോർമേഷൻ സംഗമവും വിദ്യാർകളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള ഹവേർസും. |
| AI (Artificial intelligence) സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ |
| ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ച് 8,9,10 ക്ലാസ്സുകളിലെ അറബിക് പുസ്തകങ്ങളിലെ സംഭാഷണം, കവിത പോലോത്ത ഭാഗങ്ങൾ (ഒരു ചാപ്റ്ററെങ്കിലും) കുട്ടികൾക്ക് രസകരമാവും വിധത്തിൽ ചിത്രീകരിക്കൽ. ഇതിന്റെ AI ക്രിയേഷൻ അധ്യാപക സുഹൃത്തുക്കൾക്ക് എളുപ്പത്തിൽ പഠിക്കാനുള്ള സാഹചര്യവും ഒരുക്കൽ. |
| സ്പെഷ്യൽ ദിനങ്ങളിൽ അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും |
| ഓഗസ്റ്റ് 15 : സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 : അധ്യാപക ദിനം<br>നവംബർ 1 : കേരളപ്പിറവി ദിനം<br>ജനുവരി 26 : റിപ്പബ്ലിക് ഡേ |
| തുടങ്ങിയ ദിനങ്ങളിൽ നല്ല സന്ദേശം നൽകുന്ന അറബിക് പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യലും സാഹചര്യത്തിനനുസരിച്ച് ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കലും. |
| സബ്ജില്ലാ കലോത്സവത്തിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ |
| വരാനിരിക്കുന്ന അറബിക് കലോത്സവങ്ങളിൽ സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 19 ഇനങ്ങളിലേക്കും അനുയോജ്യരായ പ്രതിഭകളെ ജൂലൈ മാസത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തര പരിശീലനം നൽകൽ. |

| |
|---|
| ഒന്നാം ഘട്ടമായി താഴെ നൽകിയ 8 വിഭാഗം കലകളിൽ കഴിവുള്ളവരെ അധ്യാപകർ അവരവരുടെ പിരിഡുകളിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുക. ഇതിൽ ഏറ്റവും മികവു കാണിക്കുന്നവരെ കണ്ടെത്തി ജൂലൈ മാസത്തിൽ തന്നെ അവർക്കുള്ള പരിശീലനം ആരംഭിക്കുക. |
| 8 വിഭാഗം കലകൾ - ബ്രാക്കറ്റിൽ അനുബന്ധ മത്സരങ്ങളും |
| പാട്ടുപാടാൻ കഴിവുള്ളവർ:<br>(അറബി ഗാനം (B), അറബിക് ഗാനം (G), പദ്യം ചൊല്ലൽ(B),<br>പദ്യം ചൊല്ലൽ (G). സംഘ ഗാനം) |
| അറബി ശരിയായ ഉച്ചാരണത്തിൽ സംസാരിക്കാൻ കഴിവുള്ളവർ (അറബി പ്രസംഗം, കഥാപ്രസംഗം, മോണോ ആക്ട്, സംഭാഷണം) |
| അറബി നല്ല കയ്യെഴുത്തിലും മനഃപ്പാഠത്തിലും കഴിവുള്ളവർ |
| (ഉപന്യാസം, കഥാരചന) |
| അറബിക് " ഇൻഷാഹ് " കഴിവുള്ളവർ - ധാരാളം അറബി വാക്കുകൾ അറിയുന്നവരും, വാചകങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളവരും) |
| ( അടിക്കുറിപ്പ്, വിവർത്തനം, നിഘണ്ടു നിർമ്മാണം. പ്രശ്നോത്തരി ) |
| ഹിഫ്ള് കഴിവുള്ളവർ (മുഷാറ) |
| വരക്കാനും കാലിഗ്രാഫിക്കും കഴിവുള്ളവർ (പോസ്റ്റർ നിർമ്മാണം) |
| പാരായണം കഴിവുള്ളവർ (ഖുർആൻ പാരായണം) |
| അഭിനയിക്കാൻ കഴിവുള്ളവർ (നാടകം) |
| ACTIVITIES |
| അറബിക് ഷോർട്ട് ഫിലിം / ഷോർട്ട് ഡോക്യുമെന്ററി നിർമ്മാണം |
| പൊതുജനങ്ങൾക്ക് നല്ല സന്ദേശം നൽകുന്ന പരിമിധമായ എണ്ണത്തിൽ നമ്മുടെ വിദ്യാർത്ഥികളെയും അധ്യാപകർ, HM. മാനേജ്മെന്റ് പ്രതിനിധികൾ (ആവശ്യമെങ്കിൽ) ഉൾക്കൊള്ളിച്ചു കൊണ്ട് 10 മിനിറ്റിൽ താഴെയുള്ള ഷോർട്ട് ഫിലിമോ / ഡോക്യുമെന്ററിയോ നിർമ്മിക്കൽ. |
| വിഷയം ഉദാഹരണമായി ലഹരിക്കെതിരെ സോഷ്യൽ മിഡിയയുടെ അമിത ഉപയോഗം / പരസ്പര സഹായം / നല്ല കൂട്ടുകാരൻ Etc... |
| അറബി ഭാഷാ ദിനാഘോഷം - വ്യത്യസ്ത പരിപാടികൾ |
| ഡിസംബർ 18 ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ്, 'Arabic സംഘടിപ്പിക്കൽ Expo എക്സിബിഷൻ തുടങ്ങിയവ |
| പ്രവർത്തനങ്ങളും രചനകളും ഉൾപ്പെടുത്തി അധ്യായന വർഷത്തിന്റെ അവസാനത്തിൽ E-Book നിർമ്മിക്കൽ |

# ഉർദു

- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉള്ള കഴിവ് നേടുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
- ഉറുദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഢേം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ ഉർദുപത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നി ലക്ഷ്യ പൂർത്തികരണ | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | തിനും കുട്ടികളിലെ സർഗ്ഗാത്മക തവളർത്തു ന്നതിനുംവേ ണ്ടികയ്യെഴു ത്ത് മാസിക, ചുമര് പത്രിക നിർമണം | | | | |
| 3 | ഖസാന-എ ഇൽമ് പൊതുവി ജ്ഞാനം | പൊതുവാ യതും ഉർദുവിലു ള്ളതുമായ പൊതുവി ജ്ഞാനം കുട്ടികളിലെ ത്തിക്കുന്നതി ന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പി ക്കുക. | മാസം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങ ളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും- കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | | | | |
| 6 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന അതത് രീതിയിൽ വിവിധ ദിനാചരണ ദിനങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കൽ | അതത് ദിനാചരണ ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഉർദു കെ മോതിയാം ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദുസാഹിത്യകാരന്മാരെയുംപരിചയപ്പെടുത്തുന്നപൊതുവേദിഒരുക്കുക.ഉർദുവിലെപ്രസിദ്ധരമായഎഴുത്തുകാരുടെരചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

ENGLISH

| Aims | Activities | Duration | Finance |
|---|---|---|---|
| Empowering Teachers | SRG formation | June | |
| Language Development | News Reading Project | July | |
| | Language Games | July | |
| Learning through doing | Club formation | August | |
| Scaffolding | Special Class for weak students in English | August | |
| Communication skill | Spoken English Class | September | |
| | English Assembly | October | |
| Poetry skills | Listening to poetries | October | |
| | Poetry writing | November | |
| Discussion forum | Opportunity to interact with speakers. | December | |
| Enrichment | Special Class for A+ Students | January | |
| Scaffolding | Special Class for weak students in English | January-February | |

| ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | ഹിന്ദി ന്യൂസ് \| പേപ്പർ വായിക്കാനു ള്ള സൗകര്യം ഒരുക്കുക.<br><br>ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | | ഹിന്ദി ടീച്ചർ<br><br>പി.ടി.എ. | സ്പോൺസർഷിപ്പ് |
| ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | വിവിധ ക്ലബ് പ്രവർത്തനങ്ങള് | ആവശ്യമനുസരിച്ച് | | |
| ഹിന്ദി ഭാഷാ മെച്ചപ്പെടുത്തൽ | മാസത്തിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | ക്ലബ് കൺവീനർ | |
| കുട്ടികളെ കൊണ്ട് ചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക<br><br>ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | ഹിന്ദി മാഗസിന് | | എസ്.ആർ.ജി | |

| സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക.ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും:<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>വയൽക്കിളികൾ :സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമി വർഷം മുഴുവനായി നടത്തുന്നു . നിശ്ചയിച്ച തീയതികളിൽ. | സാമൂഹ്യശാസ്ത്രം അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക ,പൗരബോധം ,മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ:<br><br>സ്കൂൾ പാർലമെൻറ്, മോക് പാർലമെൻറ് , സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം,പൗരബോധം ,സാമൂഹ്യബോധം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ . | |
| സാമൂഹ്യശാസ്ത്ര പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ടപ്പ്:<br>സാമൂഹ്യ ശാസ്ത്ര ലേബുകൾ ക്രമീകരിക്കുന്നു .ആകാശക്കാഴ്ചകൾ ,കൗതുകം എന്നിവ ഉണർത്തുന്ന | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്രം അധ്യാപകർ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | | |
| ക്ലബ്ബ് രൂപീകരണം ജൂലൈ 4.<br>സ്കൂൾ പാർലമെൻറ് ഇലക്ഷൻ ജൂലായ് :16 ,17 | | | സാമൂഹ്യശാസ്ത്രം അധ്യാപകർ |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക .<br>സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക . | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ പ്രൊജക്റ്റ് ,ചർച്ചകൾ സംവാദം ,ക്ലാസുകൾ അഭിമുഖങ്ങൾ ,എന്നിവ യിലൂടെ കുട്ടികൾ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക. | അക്കാദമിക് വർഷം (ഓഗസ്റ്റ് ,സെപ്റ്റംബർ,ഒക്ടോബർ, നവംബർ) | സാമൂഹ്യശാസ്ത്രം അധ്യാപകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ,ദിനാചരണങ്ങൾ ,പ്രശ്നോത്തരി , സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക.<br>വീഡിയോ പ്രദർശനം ,പ്രൊജക്റ്റ് etc..സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്രം അധ്യാപകർ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്താൻ പടിക്കുക എന്ന ലക്ഷ്യം | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു ഭൂപട വായന | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്രം അധ്യാപകർ |

| | | | |
|---|---|---|---|
| കൈവരിക്കുക. | പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ് ,മാപ്പുകൾ ,ഗ്ല ോബ് എന്നിവ പരിചയപ്പെടുത്തുന്നു . | | |

| സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സയൻസ് ലാബ് നവീകരണം<br>കുട്ടികളിൽ ശാസ്ത്രീയമായ അറിവ് വളർത്തിയെടുക്കുന്നു.<br>വിദ്യാർത്ഥികളിൽ സംഘം ചേർന്ന് പ്രവർത്തിക്കാനുള്ള കഴിവ് വളർത്തിയെടുക്കുന്നു.<br>സഹകരണ മനോഭാവം വളർത്തിയെടുക്കുന്നു. | സയൻസ് ക്ലബ്ബ് രൂപീകരണം | | SRG | PTA |
| ശാസ്ത്ര ആഭിമുഖ്യം വളർത്തിയെടുക്കൽ | ചാന്ദ്രദിനത്തോടനുബന്ധിച്ച് വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നു. | | MBK | |
| ശാസ്ത്രത്തെക്കുറിച്ചും ജ്യോതിശാസ്ത്ര സംബന്ധമായ വിഷയങ്ങളെക്കുറിച്ചും അറിവ് വർദ്ധിപ്പിക്കുന്നതിനായി NIT, പ്ലാനറ്റോറിയം ഫീൽഡ് ട്രിപ്പ് നടത്തുന്നു. | ഫീൽഡ് ട്രിപ്പ് | | LCK | |
| കുട്ടികളുടെ അഭിരുചി അനുസരിച്ച് പല ഇനങ്ങളിലായി സ്കൂൾ ശാസ്ത്രോത്സവത്തിന് തയ്യാറാക്കുന്നു. | സ്കൂൾ ശാസ്ത്രോത്സവം | | APA | |

മാത്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| | Subject council | ജൂൺ |
| | Pre test | ജൂൺ |
| | Pre test നടത്തിയതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് തലത്തിൽ എക്സ്ട്രാ ടൈമിൽ പഠന പിന്തുണ നൽകൽ | ജൂൺ |
| | Maths club രൂപീകരണം | ജൂൺ |
| | പാസ്ക്കൽ ഡേ | ജൂൺ 19 |
| | Quiz competition | ജൂലൈ |
| | Class test | ജൂലൈ |
| | ഗണിത കോർണർ | ജൂലൈ |
| ഓരോ ക്ലാസിലെയും ഗണിതത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തൽ | പിയർ ടീച്ചിംഗ് | ജൂലൈ |
| ക്ലാസിലെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുതത്തൽ | വർക്ക് ഷീറ്റ് നിർമ്മിക്കൽ | ആഗസ്ത് |
| ഗണിതത്തെ കൂടുതൽ ലളിതവൽക്കരിക്കൽ | ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തുക | ഒക്ടോബർ |
| ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | | നവംബർ |
| മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ | | നവംബർ |
| ക്ലാസിലെ പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് പ്രത്യേക പാക്കേജ് | | ഡിസംബർ |
| | ഫീൽഡ് ട്രിപ്പ് | ജനുവരി |

| കായിക വിദ്യാഭ്യാസം | | | | | | | |
|---|---|---|---|---|---|---|---|
| Sl. No | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
| 1 | Health & Physical Education | സ്കൂളുകളിലെ മുഴുവൻ കുട്ടികളുടെയു ം ആരോഗ്യ സംബന്ധവും പ്രകടന സംബന്ധവുമായ കായിക ക്ഷമത മെച്ചപ്പെടുത്തുക. | ഒഴിവ് സമയവയും അധിക സമയവും കണ്ടെത്തി ക്ലാസ് തലത്തിൽ പരിശോധന. | June to August | Physical Education Teacher | Nil | Rain Challenge. |
| 2 | Prefer Athletics & Games Coaching Camp UP to HSS | ദേശിയ സംസ്ഥാന തലത്തിൽ Athletics & Games മത്സര റൗണ്ടിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തവും മെഡൽ നേട്ടവും. | <u>Coaching Camps</u><br>• Athletics<br>• Football<br>• Handball<br>• Volleyball<br>• Badminton<br>• Cricket<br>• Softball<br>• Baseball<br>• Martial Arts<br>• Kho Kho | June to November | Physical Education Teacher | PTA Limits | - Ground Surface is Hard.<br>- Small Ground (50mx30m) |
| 3 | Health & Physical Education UP to HS | Health & Physical Education Book ന്റെ ഫലപ്രദമായ വിനിമയം ഉറപ്പാക്കുക. | മികച്ച മുന്നൊരുക്കങ്ങൾ നടത്തി. | June to February | Physical Education Teacher | NIl | |
| 4 | Health & Physical Education UP Only | Healthy Kids പദ്ധതി വിജയിപ്പിക്കുക. | ടീച്ചേഴ്സിന്റെ സഹകരണത്തോടെ ഹെൽത്തി | September to February | Physical Education | PTA | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കിഡ്സ് ഉള്ളടക്ക വിനിമയം. | | Teacher | | |
| 5 | Intramoral Tournament UP & HS | കായികക്ഷമത, ടീം സ്പിരിറ്റ്, സ്പോർട്സ്മാൻ സ്പിരിറ്റ്, കോമ്പറ്റിഷൻ എക്സ്പീരിയൻസ്. | ഫുട്ബോൾ ഹാൻഡ് ബോൾ ബാഡ്മിന്റൺ എല്ലാ ടീച്ചേഴ്സിന്റെയും സഹകരണത്തോടെ മർകസ് സൂപ്പർ ലീഗുകൾ നടത്തുക. | November to February | Physical Education Teacher | PTA | |
| 6 | Social & Green Clean | Green Clean Campus ഉള്ളടക്ക വിനിമയം. | Awareness classes experiential learning | February to March | Physical Education Teacher | PTA | |
| 7 | Exhibition and demonstration | സ്കൂൾ മികവുകൾ പൊതു സമൂഹത്തിലേക്ക് എത്തിക്കാൻ. | PTA യുടെ സഹകരണത്തോടെ. | January | Physical Education Teacher | PTA | |

| IT വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| IT | Equip students with essential digital literacy | One Day Camp | July | SITC | PTA |
| IT | Familiarization with AI | Introduction to Chat Gpt | September | NKMS | PTA |
| IT | Typing Skill Improvement | English & Malayalam Typing | October | SAH | PTA |
| IT | Programming & Robotic Training | One day camp | November | NKMS | PTA |
| IT | Familiarization of hi tech gadgets | Workshop | January | PPS | PTA |

Thank You

The end